**പതിനാലാം കേരളനിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 80** — **28.01.2019-ൽ മറുപടിക്ക്**

**സംസ്ഥാനത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, പി.കെ. ശശി<br>,, പി.ടി.എ. റഹീം<br>,, സജി ചെറിയാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി കൂടുതൽ ധനസഹായം ലഭ്യമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് കേന്ദ്രം അധിക സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) ദുരന്ത വേളയിൽ വ്യോമസേന നടത്തിയ രക്ഷാപ്രവർത്തനത്തിന് ഫീസായി എത്ര തുക നൽകണമെന്നാണ് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) ദുരന്ത വേളയിൽ വ്യോമസേന നടത്തിയ രക്ഷാപ്രവർത്തനത്തിനായി വിമാനം ഉപയോഗിച്ചതിന്റെ ഫ്യൂവൽ ചാർജസായി 33.9 കോടി രൂപ ആണ് കേന്ദ്രം ആവശ്യപ്പെട്ടത്. വിമാനം ഉപയോഗിച്ചതിന്റെ ഫ്യൂവൽ ചാർജസ് ഇനത്തിൽ ആവശ്യപ്പെട്ട ഈ തുക ഒഴിവാക്കിത്തരണമെന്നും കേന്ദ്രത്തോട് സംസ്ഥാനം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) പ്രളയ സമയത്ത് കേന്ദ്രം അനുവദിച്ച അരിയ്ക്ക് തുക ഈടാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കുന്നതിന് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; | (സി) പ്രളയദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച അരി സൗജന്യമായി ലഭ്യമാക്കണമെന്ന് ഭക്ഷ്യ വകുപ്പ് സെക്രട്ടറി തലത്തിലും ഭക്ഷ്യവകുപ്പ് മന്ത്രിതലത്തിലും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും കേന്ദ്ര സർക്കാർ പ്രസ്തുത ആവശ്യം പരിഗണിക്കുകയുണ്ടായില്ല. പ്രസ്തുത തുക ദേശീയദുരന്തനിവാരണ മാർഗ്ഗരേഖകൾ പ്രകാരം സംസ്ഥാനത്തിന് അനുവദിക്കുന്ന ദുരന്തനിവാരണ ഫണ്ടിൽ നിന്ന് ഈടാക്കും എന്നാണ് അറിയിച്ചത്. |
| (ഡി) കേരള ജനതയോടുള്ള കേന്ദ്ര സർക്കാരിന്റെ ദയാരഹിതമായ ഇത്തരം നടപടികൾ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പലവട്ടം പ്രധാനമന്ത്രിയുമായും ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരുമായും ചർച്ച നടത്തുകയുണ്ടായി. തുടർന്നും ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ